(സഭാനടപടികൾ ആരംഭിച്ചയുടൻ പ്രതിപക്ഷാംഗങ്ങൾ ശ്രീമതി കെ. കെ. രമയെക്കുറിച്ച് ശ്രീ. എം. എം. മണി 14-07-2022-ന് സഭയിൽ നടത്തിയ പരാമർശം പിൻവലിച്ച് മാപ്പ് പറയണമെന്നാവശ്യപ്പെട്ടുകൊണ്ട് ബാനറും പ്ലക്കാർഡുകളും ഉയർത്തിപ്പിടിച്ച് പ്രതിഷേധിക്കുകയും സ്പീക്കറുടെ ഡയസിനുമുന്നിൽ വന്ന് മുദ്രാവാക്യം വിളിച്ച് ചോദ്യോത്തരവേള തടസ്സപ്പെടുത്തിക്കൊണ്ടിരിക്കുകയും ചെയ്തു.)

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, കൊന്നിട്ടും തീരാത്ത പകയുമായി ടി. പി. ചന്ദ്രശേഖരന്റെ വിധവയായ ശ്രീമതി കെ. കെ. രമയെ ഈ നിയമസഭയിൽവച്ച് അവഹേളിച്ച ശ്രീ. എം. എം. മണി മാപ്പ് പറഞ്ഞ് അദ്ദേഹത്തിന്റെ ഈ പ്രസ്താവന പിൻവലിക്കണം, എന്നിട്ടുവേണം സഭാനടപടികളിലേയ്ക്ക് കടക്കാനെന്ന് ഞാൻ ശക്തമായി ആവശ്യപ്പെടുകയാണ്. ആ തീരുമാനമെടുത്ത് മാപ്പ് പറഞ്ഞേ മതിയാകൂ. ഇത് വളരെ ക്രൂരമായ, നിന്ദ്യമായൊരു പരാമർമാണ്, ഈ സഭയ്ക്ക് മുഴുവൻ അപമാനകരമായൊരു കാര്യമാണ്. ശ്രീമതി കെ. കെ. രമ നിയമസഭയിലെ ഒരംഗമാണ്. വിധവയായൊരു സ്ത്രീയെക്കുറിച്ച് സ്ത്രീവിരുദ്ധമായ ഒരു പരാമർശമാണിത്. ഇവർ

വിധിയിൽ വിശ്വാസിക്കുന്ന ആളുകളാണോ; ഇത് വിധിയല്ല, ഇത് പാർട്ടി കോടതിയുടെ വിധിയാണ്. പാർട്ടി കോടതി വിധിയുടെ ഭാഗമായാണ് ടി. പി. ചന്ദ്രശേഖരൻ കൊലചെയ്യപ്പെട്ടത്. ആ ചന്ദ്രശേഖരന്റെ വിധവയെ വീണ്ടും സഭയിൽവച്ച് അവഹേളിച്ച നടപടി പിൻവലിച്ച് മാപ്പുപറഞ്ഞേ മതിയാകൂ....

മി. സ്പീക്കർ: ബഹുമാനപ്പെട്ട അംഗങ്ങൾ സീറ്റിലിരിക്കൂ...

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ,...(ബഹളം)... തെറ്റായിട്ടുള്ള ഏതെങ്കിലും വാക്ക് ഇതുവരെ ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് പറഞ്ഞിട്ടില്ല. ഒരു ചെറുപ്പക്കാരൻ കോളേജ് വിദ്യാർത്ഥിയെ കൊലപ്പെടുത്തിയപ്പോൾ ഇരന്നുവാങ്ങിയ രക്തസാക്ഷിത്വമെന്ന് പറഞ്ഞ് ന്യായീകരിച്ച ആളുകളാണ് അവിടെയിരുന്ന് ഇത്തരം കാര്യങ്ങൾ പറയുന്നത്. (ബഹളം)

ശ്രീ. വി. ഡി. സതീശൻ: സർ, ഇവിടെ സഭയിൽ നടന്നകാര്യത്തെക്കുറിച്ച് ചർച്ച ചെയ്യുമ്പോൾ ബഹുമാനപ്പെട്ട നിയമവകുപ്പുമന്ത്രി സഭയ്ക്ക് പുറത്തുനടന്ന കാര്യത്തെക്കുറിച്ചല്ലല്ലോ തീരുമാനമെടുക്കേണ്ടത്. ഇവിടെ ചെയറിന്റെ ശ്രദ്ധയിപ്പെടുത്തുന്നത് ഈ സഭയിൽ നടന്ന കാര്യമാണ്,

സഭാനടപടികളെക്കുറിച്ചാണ് ഇവിടെ സംസാരിച്ചത്. ഞാനിന്നലെ സഭയിൽ സംസാരിച്ചപ്പോഴും, ശ്രീ. എം. എം. മണി തെറ്റായി പറഞ്ഞ വാചകം, അവർ വിധവയായത് അവരുടെ വിധിയാണെന്നാണ്. അതൊരു സ്ത്രീ വിരുദ്ധ പരാമർശമാണ്. ആ വിധിയെന്ന് പറയുന്നത് നിങ്ങളുടെ പാർട്ടികോടതി വിധിച്ചതാണ്. ആ കോടതിയുടെ ജഡ്ജ് ആരാണെന്ന് എന്നെക്കൊണ്ട് പറയിപ്പിക്കരുത്, ടി. പി. ചന്ദ്രശേഖരനെ കൊല്ലാൻ വിധി പ്രഖ്യാപിച്ച നിങ്ങളുടെ പാർട്ടി കോടതിയിലെ ജഡ്ജ് ആരായിരുന്നുയെന്ന് എന്നെക്കൊണ്ട് പറയിപ്പിക്കരുത്..... ആ ജഡ്ജിന്റെ പേര് ഈ സഭയിൽ പറയിപ്പിക്കരുത്. ഇത് പിൻവലിച്ച് മാപ്പുപറഞ്ഞേ മതിയാകൂ, അതിൽ ഒരു വീട്ടുവീഴ്ചയുമില്ല.

മി. സ്പീക്കർ: ബഹുമാനപ്പെട്ട അംഗങ്ങൾ സീറ്റിലിരിക്കണം ....

ശ്രീ. പി. രാജീവ്: സർ, അത് തെളിയിക്കപ്പെട്ട കാര്യമാണ്, സി.പി.ഐ(എം) എന്ന രാഷ്ട്രീയ പാർട്ടിക്കും ഇടതുപക്ഷത്തിനും അതിനകത്ത് ഉത്തരവാദിത്തമില്ല എന്നാണ് അദ്ദേഹം പറഞ്ഞത്. അതിൽ എന്താണ് തെറ്റുള്ളത്; സഭയ്ക്ക് പുറത്തുനടന്ന കാര്യത്തെക്കുറിച്ച്, അദ്ദേഹം പറയാൻ ഇടയായതും ഇപ്പോൾ അദ്ദേഹം പറഞ്ഞ കുറേ കാര്യങ്ങളില്ലേ; എല്ലാം

സഭയ്ക്കകത്ത് നടന്നതിനെക്കുറിച്ചാണ് പറഞ്ഞത്. ഇങ്ങനെയുള്ള ചില കാര്യങ്ങൾകൂടിയുണ്ടെന്നാണ് ഞാൻ പറഞ്ഞപ്പോൾ പരാമർശിച്ചത്, അത് നിങ്ങൾ ഓർമ്മിക്കണമെന്നാണ് പറഞ്ഞത്.

മി. സ്പീക്കർ: ഇക്കാര്യത്തിൽ ഇന്നലെ ചില പരാമർശങ്ങളുണ്ടായി. ഒരു കാര്യം ഇവിടെ വ്യക്തമാക്കണമെന്ന് ചെയർ ഉദ്ദേശിക്കുന്നു. സാധാരണ ഗതിയിൽ നിയമസഭയിൽ unparliamentary-യായിട്ടുള്ള പദപ്രയോഗങ്ങൾ നടത്തിയാൽ പ്രത്യക്ഷത്തിൽത്തന്നെ അത് പരിശോധിച്ച് രേഖയിൽനിന്ന് നീക്കം ചെയ്യുകയെന്നതാണ് നടപടിക്രമം. അതാണ് ചെയറിന് ചെയ്യാൻ കഴിയുന്നത്. പ്രത്യക്ഷത്തിൽ unparliamentary അല്ലാത്തകാര്യങ്ങൾ പറയുന്നതിനോടും വിയോജിപ്പും എതിർപ്പും അംഗങ്ങൾക്കുണ്ടാകാറുണ്ട്. അത്തരം കാര്യങ്ങളിൽ ചെയറിന് അത് നീക്കം ചെയ്യാൻ ആ ഘട്ടത്തിൽ നിർവ്വഹമില്ല. പിന്നീട് പരിശോധിച്ച് എന്തെങ്കിലുമുണ്ടെങ്കിൽ നീക്കം ചെയ്യുകയെന്നതാണ് നിലപാട്. ഇതിനുമുമ്പ്, സഭയിലുണ്ടായ രണ്ട് സംഭവങ്ങൾ ഓർമ്മിപ്പിക്കാൻ ആഗ്രഹിക്കുകയാണ്. അതിലൊന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും മറ്റൊന്ന് ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവുമായി ബന്ധപ്പെട്ട

സംഭവമാണ്. അതുമാത്രമല്ല മറ്റ് ധാരാളം ഉദാഹരണങ്ങളുണ്ട്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്കെതിരെ പ്രതിപക്ഷത്തുനിന്നുള്ള ഒരു ബഹുമാന്യനായ അംഗം ഗുരുതരമായ ആരോപണം ഉന്നയിച്ചു. പ്രത്യക്ഷത്തിൽ unparliamentary-യായിട്ടുള്ള പദപ്രയോഗങ്ങളൊന്നും ഉണ്ടായിരുന്നില്ല, പക്ഷെ ഗുരുതരമായ ആരോപണം ഉന്നയിച്ചു. ആ സമയത്ത് സഭയിൽ മുഖ്യമന്ത്രി ഉണ്ടായിരുന്നില്ല. പിന്നീട് അദ്ദേഹം സഭയിലെത്തുകയും ഈ ആരോപണം ഉന്നയിച്ച പ്രതിപക്ഷാംഗത്തിന്റെ സാന്നിദ്ധ്യത്തിൽ ആ ആരോപണം വസ്തുതാവിരുദ്ധമാണെന്ന് വസ്തുതകൾ നിരത്തി വിശദീകരിക്കുകയും ചെയ്തു. ആരോപണം പിൻവലിച്ച് മാപ്പ് പറയണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് അന്ന് ഭരണപക്ഷത്തുനിന്ന് വലിയ പ്രതിഷേധം ഉയർന്നുവന്നിരുന്നു. ചെയർ അതിലിടപെട്ടില്ല. ബഹുമാനപ്പെട്ട ആ അംഗം മാപ്പ് പറഞ്ഞതുമില്ല, അതങ്ങനെ അവസാനിച്ചു. ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവിനെതിരായും സഭാതലത്തിൽ ഒരു ആരോപണം ഉന്നയിക്കപ്പെടുകയുണ്ടായി. ചട്ടപ്രകാരമല്ലാത്ത ആരോപണവും അധിക്ഷേപകരമായിട്ടുള്ള പരാമർശങ്ങളും രേഖയിൽനിന്ന് നിക്കം ചെയ്യുകയാണ് ചെയ്തിട്ടുള്ളത്. അതാണ് നമ്മുടെ

സഭയിലെ നടപടിക്രമം. മറ്റ് കാര്യങ്ങൾ അംഗങ്ങളുടെ കാര്യമാണ്. ചെയറിന് ഇക്കാര്യത്തിൽ ഇടപെടാവുന്ന കാര്യമതാണ്. (ബഹളം)...

ശ്രീ. വി. ഡി. സതീശൻ: സർ, അങ്ങയുടെ നിലപാടിനെയും റൂളിംഗിനെയൊന്നും വിമർശിക്കുന്നില്ല. ഇന്നലെയൊരു സംഭവമുണ്ടായപ്പോൾ ഞങ്ങൾ കരുതിയത് ആ അംഗം മാപ്പ് പറയുമെന്നാണ്. ഈ ക്രൂരമായ പരാമർശത്തെ ന്യായീകരിച്ചുകൊണ്ടുള്ള മുഖ്യമന്ത്രിയുടെ പ്രസംഗമാണ് ഞങ്ങളെ വിസ്മയിപ്പിച്ചത്. ഒരു കാരണവശാലും ഇത് അനുവദിക്കാൻ പറ്റില്ല, മാപ്പ് പറഞ്ഞേ മതിയാകൂ...മാപ്പ് പറഞ്ഞ് പിൻവലിച്ചേ മതിയാകൂ...

മി. സ്പീക്കർ: ചോദ്യോത്തര വേളയുമായി സഹകരിക്കണം...അംഗങ്ങൾ സീറ്റിലേക്ക് പോകണം. (ബഹളം).... ചോദ്യം നമ്പർ (*301)

**ഏകീകൃത തദ്ദേശസ്വയംഭരണ വകുപ്പ് രൂപീകരണം**

1(*301) ശ്രീമതി ദെലീമ:
ശ്രീ. കെ. ഡി. പ്രസേനൻ:
ശ്രീ. കെ. ജെ. മാക്സി:
ശ്രീ. ടി. ഐ. മധുസൂദനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പ്രവർത്തന കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിന് ഏകീകൃത തദ്ദേശ സ്വയംഭരണ വകുപ്പിന്റെ രൂപീകരണം എപ്രകാരം പ്രയോജനപ്പെടുമെന്നാണ് വിലയിരുത്തിയിട്ടുള്ളത്;

(ബി) ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെയും ജില്ല ഒന്നാകെയുമുള്ള പദ്ധതി ആസൂത്രണം കൂടുതൽ കാര്യക്ഷമവും ഫലപ്രദവുമാക്കാൻ ഏകീകൃത തദ്ദേശ സ്വയംഭരണ വകുപ്പ് രൂപീകരണത്തിലൂടെ സാധ്യമാകുമോ എന്ന് അറിയിക്കാമോ;

(സി) സംസ്ഥാന സർക്കാരിന്റെയും കേന്ദ്ര സർക്കാരിന്റെയും വിവിധ പ്രാദേശിക വികസന പദ്ധതികളുടെ നിർവ്വഹണം കാലവിളംബം ഒഴിവാക്കി കാര്യക്ഷമവും ഫലപ്രദവുമാക്കുന്നതിന് പുതിയ സംവിധാനത്തിലൂടെ സാധ്യമാകുമോ; വിശദമാക്കുമോ?

തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ): സർ, (എ) അഞ്ച് വകുപ്പുകളെ സംയോജിപ്പിച്ചുകൊണ്ട് പ്രിൻസിപ്പൽ ഡയറക്ടറുടെ നേതൃത്വത്തിൽ പ്രവർത്തിക്കുന്ന പ്രിൻസിപ്പൽ ഡയറക്ടറേറ്റിന് കേരളത്തിലെ എല്ലാ

തലങ്ങളിലുമുള്ള തദ്ദേശ സ്ഥാപനങ്ങളുടെ വികസന - ക്ഷേമ പ്രവർത്തനങ്ങളെ ഏകോപിപ്പിക്കാനും മോണിറ്റർ ചെയ്യാനും സാധിക്കുന്നതാണ്. നഗര-ഗ്രാമ വ്യത്യാസമില്ലാതെ ജീവനക്കാരെ വിന്യസിക്കാൻ കഴിയും എന്നതിനാൽ തദ്ദേശ സ്ഥാപനങ്ങൾ അനുഭവിക്കുന്ന മാനവശേഷി കുറവ് പരിഹാരം സാധ്യമാകുന്നതാണ്. എല്ലാ വകുപ്പുകളെയും സംയോജിപ്പിച്ചുകൊണ്ടുള്ള ഇ-ഗവേണൻസ് സംവിധാനം ഏർപ്പെടുത്തുന്നതോടെ സേവനങ്ങൾ വേഗതയിലും കാര്യക്ഷമമായും ലഭ്യമാക്കാൻ കഴിയുമെന്നതാണ് പ്രത്യേകത.

ഏകീകൃത വകുപ്പിന്റെ ജില്ലാ ജോയിന്റ് ഡയറക്ടറുടെ നേതൃത്വത്തിലുള്ള പുതിയ ഏകോപിത ജില്ലാ സംവിധാനം വിവിധ തട്ടുകളിൽ നടക്കുന്ന പ്രാദേശിക ആസൂത്രണ പ്രവർത്തനങ്ങളുടെ ഏകോപനത്തിന് സഹായകമാകുന്നതാണ്. ഇപ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി ആസൂത്രണവും ഏകോപനവും കൂടുതൽ കാര്യക്ഷമമാകുന്നതാണ്. അഞ്ച് വ്യത്യസ്ത വകുപ്പുകളുടെ നിലവിലുള്ള ജില്ലാ ഘടകങ്ങൾ ഏകോപിപ്പിച്ച് ഒരു കുടക്കീഴിൽ പ്രവർത്തനക്ഷമമാകുമ്പോൾ പ്രവർത്തന ധർമ്മങ്ങളുടെ അടിസ്ഥാനത്തിൽ ചുമതലകളും ഉത്തരവാദിത്തങ്ങളും പുനർക്രമീകരിക്കുന്നത്

വഴി ധാരാളം ആവർത്തനപ്രവർത്തനങ്ങളും പാഴ്ശ്രമങ്ങളും വികസനപ്രവർത്തന വിടവുകളും ഒഴിവാകുന്നു. ഈ നേട്ടം ജില്ലാ ആസൂത്രണ സമിതിയുടെ സമഗ്രമായ പിന്തുണാപ്രവർത്തനത്തിന് കാര്യക്ഷമമായി വിനിയോഗിക്കാവുന്നതാണ്. കൂടാതെ ആസൂത്രണ പ്രവർത്തനങ്ങളിൽ പ്ലാനിംഗ്, എഞ്ചിനീയറിംഗ് വിഭാഗങ്ങളുടെ സംയുക്തമായ പിന്തുണ ഉറപ്പുവരുത്താൻ കഴിയുന്നു. ആയത് പ്രാദേശിക പദ്ധതികളുടെ സാങ്കേതികമേന്മയും സമയക്രമവുമുള്ള കാര്യങ്ങളിൽ കൂടുതൽ വ്യക്തത വരുത്തുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് സഹായമാകുകയാണ്.

(ബി) ഏകീകൃത വകുപ്പിന്റെ ജില്ലാ ജോയിന്റ് ഡയറക്ടറുടെ നേതൃത്വത്തിലുള്ള പുതിയ ഏകോപിത ജില്ലാ സംവിധാനം വിവിധ തട്ടുകളിൽ നടക്കുന്ന പ്രാദേശിക ആസൂത്രണ പ്രവർത്തനങ്ങളുടെ ഏകോപനത്തിന് സഹായകമാകുന്നതാണ്. ഇപ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി ആസൂത്രണവും ഏകോപനവും കൂടുതൽ കാര്യക്ഷമമാകുന്നതാണ്. അഞ്ച് വ്യത്യസ്ത വകുപ്പുകളുടെ നിലവിലുള്ള ജില്ലാ ഘടകങ്ങൾ ഏകോപിപ്പിച്ച് ഒരു കുടക്കീഴിൽ പ്രവർത്തനക്ഷമമാകുമ്പോൾ പ്രവർത്തന ധർമ്മങ്ങളുടെ

അടിസ്ഥാനത്തിൽ ചുമതലകളും ഉത്തരവാദിത്തങ്ങളും പുനക്രമീകരിക്കുന്നതുവഴി ധാരാളം ആവർത്തനപ്രവർത്തനങ്ങളും പാഴ്ശ്രമങ്ങളും വികസനപ്രവർത്തന വിടവുകളും ഒഴിവാകുന്നു. ഈ നേട്ടം ജില്ലാ ആസൂത്രണ സമിതിയുടെ സമഗ്രമായ പിന്തുണാപ്രവർത്തനത്തിന് കാര്യക്ഷമമായി വിനിയോഗിക്കാവുന്നതാണ്. ദീർഘമായ മറുപടിയായതിനാൽ ബാക്കിഭാഗം മേശപ്പുറത്തുവയ്ക്കുന്നു.+

മി. സ്പീക്കർ: സഭാനടപടികൾ സുഗമമായി നടത്തിക്കൊണ്ടുപോകാൻ നിർഭാഗ്യകരമായ സാഹചര്യത്തിൽ ചോദ്യോത്തരവേള റദ്ദാക്കുന്നു. (...ബഹളം....)

+ ഉത്തരത്തിന്റെ ബാക്കിഭാഗം അനുബന്ധമായി ചേർക്കുന്നു.